പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.5169 | 27/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഫുഡ് സേഫ്റ്റി ഓഫീസറുടെ സേവനം ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ആകെ എത്ര ഫുഡ് സേഫ്റ്റി ഓഫീസറുടെ അംഗീകൃത തസ്തികകൾ ഉണ്ട്; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ 160 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തിക നിലവിൽ അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ അത് നികത്താൻ നടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദമാക്കുമോ; | ബി) | നിലവിൽ 15 ഒഴിവുകൾ ഉണ്ട്. ബഹു. കേരള ഹൈക്കോടതിയിലെ OP (KAT) 342/18 നമ്പർ ഉത്തരവ് പ്രകാരം ടി ഒഴിവുകൾ നികത്തുന്നത് തടഞ്ഞിട്ടുണ്ട്. മറ്റ് ഒഴിവുകൾ നിലവിൽ ഇല്ല. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം നിയമന ശുപാർശ ലഭ്യമായിട്ടുണ്ടെങ്കിലും ഹൈക്കോ ടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ള തിനാൽ നിയമന ശുപാർശ ചെയ്ത 15 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല. |
| സി) | മണലൂർ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസ് ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ; | സി) | മണലൂർ മണ്ഡലത്തിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ കാര്യാലയത്തിലെ ജീവന ക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**ഭക്ഷ്യസുരക്ഷാ ഓഫീസർ** - 1<br>**ക്ലർക്ക്** -1<br>**ഓഫീസ് അറ്റൻഡന്റ്** - 1 |

| | | | |
|---|---|---|---|
| ഡി) | മുല്ലശ്ശേരി പഞ്ചായത്തിൽ ഫുഡ് സേഫ്റ്റി ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടും പ്രസ്തുത ഓഫീസിൽ ഫുഡ് സേഫ്റ്റി ഓഫീസറുടെ പൂർണ്ണമായ സേവനം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ മേപ്പടി ഓഫീസറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) | ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിനായി അനുവദിച്ചിട്ടുള്ള കെട്ടിടത്തിൽ ഫർണ്ണീച്ചറും അനുബന്ധ സാമഗ്രികളും സജ്ജീകരിച്ചിട്ടുണ്ട്, എന്നാൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടിയന്തിരമായി പുതിയ ഓഫീസ് കെട്ടിടത്തിലേയ്ക്ക് പൂർണ്ണമായും പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ